**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1184** | **30.01.2018-ൽ മറുപടിക്ക്**

## പിലാത്തറ- പാപ്പിനിശ്ശേരി റോഡിന്റെ നിർമ്മാണ പുരോഗതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.റ്റി.വി.രാജേഷ്** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കണ്ണൂർ ജില്ലയിലെ പിലാത്തറ- പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡിന്റെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; താവം റെയിൽവെ മേൽപ്പാലം നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ; | (എ) കണ്ണൂർ ജില്ലയിലെ കെ.എസ്സ്.ടി.പി-II പദ്ധതിയിൽപ്പെട്ട പിലാത്തറ — പാപ്പിനിശ്ശേരി റോഡ് നിർമ്മാണം 80.50% പൂർത്തിയായി. അഡീഷണൽ പ്രവൃത്തിയായ രാമപുരം പാലത്തിന്റെ അപ്രോച്ച് റോഡ് പ്രവൃത്തിയും, താവം മേൽപ്പാലം നിർമ്മാണവും നടന്നുകൊണ്ടിരിക്കുന്നു. 2018 മാർച്ചിൽ പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) എല്ലാ പ്രവൃത്തികളും എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ? | (ബി) പാപ്പിനിശ്ശേരി റെയിൽവേ - മേൽപ്പാലത്തിന്റെ സർവ്വീസ് റോഡും, ഓട നിർമ്മാണവും നടന്നുകൊണ്ടിരിക്കുന്നു. റോഡ് സുരക്ഷാ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. എല്ലാ പ്രവൃത്തികളും 2018 മാർച്ചിൽ പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. അതനുസരിച്ച് കോൺട്രാക്ടർക്കും കൺസ്ട്രക്ഷൻ സൂപ്പർവൈസറി കൺസൾട്ടന്റിനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

S. Bindu
സെക്ഷൻ ഓഫീസർ